REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 07-05-2025** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- **പാകിസ്ഥാനിലെയും, പാക് അധീന ജമ്മുകശ്മീരിലെയും ഭീകര കേന്ദ്രങ്ങളിൽ ഓപ്പറേഷൻ സിന്ദൂർ ഇന്ത്യൻ സൈനികാക്രമണം.**
- **കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദേശ പ്രകാരം രാജ്യത്ത് ഇന്ന് സിവിൽ ഡിഫൻസ് മോക്ക് ഡ്രിൽ. കേരളത്തിൽ വൈകിട്ട് നാലിന് ഡ്രിൽ ആരംഭിക്കും.**
- **ഇന്ത്യൻ നദികളിലെ വെള്ളം ഇനി രാജ്യതാല്പര്യങ്ങൾക്ക് മാത്രമായിരിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **പകൽപൂരത്തോടെ തൃശൂർ പൂരം ഇന്ന് സമാപിക്കും.**
- **IPL ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസിനെ ഗുജറാത്ത് ടൈറ്റൻസ് മൂന്ന് വിക്കറ്റിന് തോൽപ്പിച്ചു.**

## വാർത്തകൾ വിശദമായി

പാകിസ്ഥാനിലെയും, പാക് അധീന ജമ്മുകശ്മീരിലെയും ഭീകര പ്രവർത്തക കേന്ദ്രങ്ങളിൽ ഇന്ത്യ ശക്തമായ സൈനികാക്രമണം നടത്തി. ഇന്ത്യക്കെതിരെ ഭീകരാക്രമണങ്ങൾ ആസൂത്രണം ചെയ്യുകയും, നടപ്പാക്കുകയും ചെയ്ത കേന്ദ്രങ്ങൾക്ക് നേരെയായിരുന്നു 'ഓപ്പറേഷൻ സിന്ദൂർ' എന്ന സൈനിക നടപടി. ഒൻപത് കേന്ദ്രങ്ങളിൽ അർദ്ധരാത്രിക്കു ശേഷമായിരുന്നു സൈനിക നടപടിയെന്ന് ആഭ്യന്തരമന്ത്രാലയം സ്ഥിരീകരിച്ചു. പഹൽഗാം ഭീകരാക്രമണത്തിനു പിന്നിൽ പ്രവർത്തിച്ചവർക്ക് തക്ക തിരിച്ചടി നൽകുമെന്ന പ്രതിബദ്ധത സൈന്യം നടപ്പാക്കുകയായിരുന്നുവെന്നും ആഭ്യന്തര മന്ത്രാലയം വിശദീകരിച്ചു.

പാകിസ്ഥാൻ സൈന്യത്തിനോ, സൈനിക കേന്ദ്രങ്ങൾക്കോ നേരെയായിരുന്നില്ല ആക്രമണം. ഭീകര പ്രവർത്തന കേന്ദ്രങ്ങൾ കൃത്യമായി നിർണയിച്ചും, കടന്നുകയറ്റം ഒഴിവാക്കുന്ന തരത്തിലുമായിരുന്നു സൈനിക നടപടി. ഓപ്പറേഷൻ സിന്ദൂരിനെപ്പറ്റി കൂടുതൽ വിവരങ്ങൾ ഇന്ന് പുറത്തുവിടുമെന്നും മന്ത്രാലയം അറിയിച്ചു.

✪✪✪

രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് ഓപ്പറേഷൻ സിന്ദൂറിനെ പ്രകീർത്തിച്ച് എക്സ് പോസ്റ്റിൽ കുറിപ്പിട്ടു. ഭാരത് മാതാ കി ജയ് എന്ന വിശേഷണത്തോടെയായിരുന്നു രാജ്നാഥ് സിംഗിന്റെ പ്രതികരണം. പഹൽഗാമിലെ ഭീകരാക്രമണത്തിൽ 26 പേരെ കൊലപ്പെടുത്തിയതിന് നൽകിയ തിരിച്ചടിയാണ് സൈനിക നടപടിയെന്നും അദ്ദേഹം സൂചിപ്പിച്ചു.

✪✪✪

പാകിസ്ഥാനിലും, പാക് അധീന കശ്മീരിലും ചിലത് സംഭവിക്കുമെന്ന് ലോകത്തിന് അറിയാമായിരുന്നുവെന്ന് അമേരിക്കൻ പ്രസിഡണ്ട് ഡൊണാൾഡ് ട്രംപ് പ്രതികരിച്ചു. ഇന്ത്യക്കും പാകിസ്ഥാനുമിടയിലെ സംഘർഷം വൈകാതെ അവസാനിക്കുമെന്ന് ട്രംപ് വിശ്വാസം പ്രകടിപ്പിച്ചു.

✪✪✪

രാജ്യത്തിന്റെ വടക്കൻ മേഖലയിലെ ഏതാനും വിമാനത്താവളങ്ങളിൽ സർവീസുകൾ താൽക്കാലികമായി നിർത്തിവെച്ചു. പാകിസ്ഥാനിലെ ഇന്ത്യൻ സൈനിക നടപടിയുടെ പശ്ചാത്തലത്തിലാണ് ഇനിയൊരറിയിപ്പ് ഉണ്ടാകുന്നതു വരെ സർവീസുകൾ നിർത്തിയത്.

✪✪✪

ജമ്മുകശ്മീരിലെ നിയന്ത്രണരേഖയിൽ പാകിസ്ഥാൻ വെടിനിർത്തൽ കരാർ ലംഘിച്ചതായി ഇന്ത്യൻ സേന അറിയിച്ചു. പൂഞ്ച് - രജൗഡി മേഖലയിലെ ഭീംബെർ പ്രദേശത്തെ ആക്രമണത്തിന് ശക്തമായ തിരിച്ചടി നൽകിയതായും സൈന്യം വെളിപ്പെടുത്തി.

✪✪✪

രാജസ്ഥാനിലെ അന്താരാഷ്ട്ര അതിർത്തിയിൽ വ്യോമസേനയുടെ രണ്ട് ദിവസത്തെ മെഗാ സൈനികാഭ്യാസം ഇന്നാരംഭിക്കും. റഫേൽ, സുഖോയ്, ജഗ്വാർ യുദ്ധവിമാനങ്ങളും, ആധുനിക സംവിധാനങ്ങളും ഉപയോഗിച്ചായിരിക്കും സൈനികാഭ്യാസമെന്ന് സേനാകേന്ദ്രങ്ങൾ അറിയിച്ചു. വൈകിട്ട് മൂന്നരയ്ക്കും, രാത്രി ഒൻപതരയ്ക്കുമിടയിൽ മേഖലയിലെ

വ്യോമപാതയിൽ വിമാനസർവീസുകൾ പാടില്ലെന്ന് എയർപോർട്ട് അതോറിറ്റിക്ക് വ്യോമസേന നിർദ്ദേശം നൽകി.

✪✪✪

കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദേശ പ്രകാരം രാജ്യത്ത് ഇന്ന് സിവിൽ ഡിഫൻസ് മോക്ക് ഡ്രിൽ സംഘടിപ്പിക്കും. വ്യോമാക്രമണ മുന്നറിയിപ്പ് സംവിധാനം, വ്യോമസേനയുമായി റേഡിയോ കമ്യൂണിക്കേഷൻ, കൺട്രോൾ റൂമുകളുടെ പ്രവർത്തനം എന്നിവ മോക്ക് ഡ്രില്ലിലൂടെ വിലയിരുത്തും.

ഡെസ്ക്ക് റിപ്പോർട്ട്.

...........വോയ്സ്.................

രാജ്യത്തെ 244 സിവിൽ ഡിഫൻസ് ജില്ലകളിലാണ് ഡ്രിൽ സംഘടിപ്പിക്കുന്നത്. ആക്രമണ ഘട്ടങ്ങളിൽ സ്വീകരിക്കേണ്ട പ്രതിരോധ നടപടികളെക്കുറിച്ച് ജനങ്ങൾക്കും, വിദ്യാർത്ഥികൾക്കും മോക്ഡ്രിലിൽ ബോധവത്കരണവും പരിശീലനവും നൽകും.

സംസ്ഥാനത്തെ പതിനാല് ജില്ലകളിലും വൈകിട്ട് നാലിനാണ് മോക്ഡ്രിൽ. മോക് ഡ്രില്ലിന്റെ ശരിയായ നടത്തിപ്പ് ഉറപ്പാക്കാൻ ജില്ലാ കലക്ടർമാർക്കും മുതിർന്ന ഉദ്യോഗസ്ഥർക്കും ചീഫ് സെക്രട്ടറി ഡോ. A ജയതിലക് നിർദേശം നൽകി. പൊതുജനങ്ങളും സ്ഥാപനങ്ങളും സംഘടനകളും സഹകരിക്കണമെന്നും ജാഗ്രത പാലിക്കണമെന്നും ചീഫ് സെക്രട്ടറി അറിയിച്ചു.

✪✪✪

ഇന്ത്യൻ നദികളിലെ വെള്ളം ഇനി രാജ്യതാല്പര്യങ്ങൾക്ക് മാത്രമായിരിക്കും ഉപയോഗിക്കുകയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി അറിയിച്ചു. ന്യൂഡൽഹിയിൽ ഒരു സ്വകാര്യ ചാനൽ കോൺക്ലേവിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

മുൻപ് നദീജലം പുറത്തേക്ക് നൽകിയിരുന്നെങ്കിലും ഇപ്പോഴത് രാജ്യം തന്നെയാണ് ഉപയോഗിക്കുന്നത്. നദീജല സംയോജനം കേന്ദ്രഗവണ്മെന്റ് ഏറ്റെടുത്ത സുപ്രധാന സംരംഭമാണെന്നും സംസ്ഥാന ഗവണ്മെന്റുകളുമായി യോജിച്ച് നദികളെ പരസ്പരം ബന്ധിപ്പിക്കുന്ന ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു.

ഇന്ത്യ ഊർജ്ജസ്വലമായ വ്യാപാര വാണിജ്യ കേന്ദ്രമായി മാറുകയാണെന്നും പ്രധാനമന്ത്രി വിലയിരുത്തി. ഇന്ത്യ -അമേരിക്ക സ്വതന്ത്ര വ്യാപാരക്കരാറിനെ

അഭിനന്ദിച്ച അദ്ദേഹം സാമ്പത്തിക പ്രവർത്തനങ്ങൾക്ക് ഉത്തേജനം നൽകുമെന്നും അഭിപ്രായപ്പെട്ടു.

✪✪✪

പകൽപൂരത്തോടെ തൃശൂർ പൂരം ഇന്ന് സമാപിക്കും. വാദ്യഘോഷങ്ങളുടെയും വർണാഭമായ കുടമാറ്റത്തിന്റെയും വിസ്മയം വിരിയിച്ച തൃശൂർപൂരത്തിൽ പുലർച്ചെ പ്രൗഢഗംഭീരമായ വെടിക്കെട്ടും നടന്നു.

ആകാശവാണി പ്രതിനിധി ഭരിത പ്രതാപിന്റെ റിപ്പോർട്ട്.

........(വോയ്സ്)..............

തൃശ്ശൂരിൽ പൂരം പൂത്തുലഞ്ഞു. മഠത്തിൽ വരവിനും ഇലഞ്ഞിത്തറ മേളത്തിനും ശേഷം തെക്കോട്ടിറക്കം കഴിഞ്ഞ് ഇന്നലെ പ്രധാന കുടമാട്ട ചടങ്ങുകൾ നടന്നു. ദൃശ്യ വിസ്മയങ്ങൾ തീർത്ത കുടമാറ്റത്തിന് നോപലക്ഷങ്ങൾ തിങ്ങിനിറഞ്ഞു .വാനിൽ വിസ്മയം വിരിയിച്ചു പുലർച്ചെ വെടിക്കെട്ടും പൂര പ്രേമികളിൽ ആസ്വാദന തലങ്ങൾ ഉയർത്തി.

വർണ്ണ വൈവിദ്യങ്ങൾ നിറഞ്ഞ ബഹുവർണ്ണ കുടകൾ ഒന്നൊന്നയ് വിരിയുമ്പോൾ അതിലേറെ കൗതുകവും ആവേശവുമാണ് കാണികളിൽ നിറഞ്ഞത്. ഇതുവരെ കാണാത്ത അത്ര ജനലക്ഷങ്ങളാണ് ഇന്നലെ ശക്തന്റെ തട്ടകത്തിൽ എത്തിച്ചേർന്നത്. ഒരു പുരക്കാലത്തിന്റെ ഓർമ്മകൾ കൂടി സമ്മാനിച്ച ഇരു ഭഗവതിമാരും ഉപചാരം ചൊല്ലി പിരിയുന്നതോടെ ഇന്ന്പൂ രം സമാപിക്കും.

✪✪✪

തൃശൂർ പൂരം രാത്രി എഴുന്നള്ളിപ്പിനിടെ ആന വിരണ്ടോടി. തുടർന്നുണ്ടായ തിക്കിലും തിരക്കിലും 42 പേർക്ക് പരിക്കേറ്റു. ഇവരിൽ നാല് പേരെ തൃശൂർ മെഡിക്കൽ കോളേജിലും 38 പേരെ തൃശൂർ ജില്ലാ ആശുപത്രിയിലും പ്രവേശിപ്പിച്ചു.

സ്വരാജ് റൗണ്ടിൽ നിന്ന് MG റോഡിലൂടെ വിരണ്ടോടിയ ഊട്ടോളി രാമൻ എന്ന ആനയെ എലിഫന്റ് സ്ക്വാഡ് നിയന്ത്രണ വിധേയമാക്കി.

✪✪✪

LDF ഗവൺമെന്റ് നാലാം വാർഷികത്തിന്റെ ഭാഗമായി വിവിധ മേഖലകളിലെ പ്രമുഖ വ്യക്തികളുമായി മുഖ്യമന്ത്രി പിണറായി വിജയൻ രാവിലെ കാക്കനാട് കിൻഫ്ര കൺവെൻഷൻ സെൻററിൽ ജില്ലാതല മുഖാമുഖം നടത്തും. ക്ഷണിതാക്കളായ 500 പേർ പങ്കെടുക്കും.

സംസ്ഥാന ഗവൺമെന്റിന്റെ നാലാം വാർഷികത്തിന്റെ ഭാഗമായ LDF ജില്ലാ റാലി വെള്ളിയാഴ്ച വൈകിട്ട് കണ്ണൂരിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. LDF നേതാക്കൾ കണ്ണൂരിൽ വാർത്താസമ്മേളനത്തിൽ അറിയിച്ചതാണിത്.

✪✪✪

IPL ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസിനെ ഗുജറാത്ത് ടൈറ്റൻസ് മൂന്ന് വിക്കറ്റിന് തോൽപ്പിച്ചു. മുംബൈയിൽ മഴ നിയമ പ്രകാരമാണ് ഗുജറാത്ത് ടൈറ്റൻസിന്റെ വിജയം.

ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ചെന്നൈ സൂപ്പർ കിംഗ്സിനെ നേരിടും. വൈകീട്ട് ഏഴരയ്ക്ക് കൊൽക്കത്ത ഈഡൻ ഗാർഡൻസിലാണ് മത്സരം.

✪✪✪

കൊച്ചി വൈറ്റിലയിലെ ഗതാഗത കുരുക്കിന് പരിഹാരം കാണാൻ ഇടപ്പള്ളി ഭാഗത്തേയ്ക്ക് ഫ്രീ ലെഫ്റ്റ് സംവിധാനം ഏർപ്പെടുത്തുമെന്ന് മന്ത്രി K.B. ഗണേഷ് കുമാർ പറഞ്ഞു. തൃപ്പൂണിത്തുറ - വൈറ്റില ഭാഗത്തെ ഗതാഗത തടസത്തിന് പരിഹാരമായി സിംഗിൾ ലൈൻ സംവിധാനം ഒരുക്കുമെന്നും അദ്ദേഹം അറിയിച്ചു. വൈറ്റില പ്രദേശം സന്ദർശിച്ച ശേഷം സംസാരിക്കുകയായിരുന്നു മന്ത്രി.

അടുത്ത ഘട്ടത്തിൽ വൈറ്റില ഹബ്ബ് ഭാഗത്ത് ഫ്രീ ലെഫ്റ്റ് സംവിധാനം ഒരുക്കി ഡിവൈഡറുകൾ സ്ഥാപിക്കും. സ്വകാര്യ ബസുകളുടെ മത്സര ഓട്ടം നിയന്ത്രിക്കാൻ സർവീസിനിടയിൽ പത്ത് മിനിറ്റ് ഇടവേള ഏർപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാനത്തെ ആദ്യ ഗോത്രവർഗ പഞ്ചായത്തായ ഇടമലക്കുടിയുടെ വികസനത്തിന് ഗവൺമെന്റ് ഒട്ടേറെ കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്നും അത് തുടരുമെന്നും മന്ത്രി MB രാജേഷ് പറഞ്ഞു. ഇടമലക്കുടിയിലെ പഞ്ചായത്ത് ഓഫീസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഇടമലക്കുടി പഞ്ചായത്ത് ഓഫീസ് സ്മാർട്ട് ഓഫീസായി മാറിക്കഴിഞ്ഞു. K-സ്മാർട്ടിലൂടെ തയ്യാറാക്കിയ ആദ്യ സർട്ടിഫിക്കറ്റ് മന്ത്രി ചടങ്ങിൽ വിതരണം ചെയ്തു.

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വിനോദസഞ്ചാരികൾ എത്തുന്ന മൂന്നാറിൽ സമ്പൂർണ്ണ ശുചിത്വ പദ്ധതി അടിയന്തരമായി നടപ്പാക്കുമെന്ന് മറ്റൊരു ചടങ്ങിൽ പോതമേട്ടിൽ മന്ത്രി അറിയിച്ചു. പള്ളിവാസൽ ഗ്രാമപഞ്ചായത്ത്

‘ടേക്ക് എ ബ്രേക്ക് ’ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച ഫോർട്ട് മോഡൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

ലഹരിയുടെ നീരാളിപ്പിടുത്തത്തിൽ നിന്ന് യുവ തലമുറയെ രക്ഷിക്കാൻ പൊതുസമൂഹവും ക്രിയാത്മക ഇടപെടലുകൾ നടത്തണമെന്ന് മന്ത്രി V. അബ്ദുറഹിമാൻ ആവശ്യപ്പെട്ടു. മന്ത്രി നേതൃത്വം നൽകുന്ന ലഹരി വിരുദ്ധ യാത്രക്ക് കണ്ണൂർ പഴയങ്ങാടിയിലെ സ്വീകരണ ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കുട്ടികളെ കളിക്കളത്തിലേക്ക് തിരികെ കൊണ്ടുവരിക എന്ന പരിപാടിയുടെ ഭാഗമായി കലക്ടറേറ്റ് പരിസരത്ത് മെഗാ വാക്കത്തോണും സംഘടിപ്പിച്ചു.

✪✪✪

വികസന പ്രവർത്തനങ്ങളിലൂടെയും ജനസമ്പർക്കത്തിലൂടെയും സംസ്ഥാന ഗവൺമെന്റ് പുതിയ ചരിത്രം കുറിക്കുകയാണെന്ന് മന്ത്രി V.ശിവൻകുട്ടി പറഞ്ഞു. എന്റെ കേരളം പ്രദർശന വിപണന മേളയുടെ ഭാഗമായി തിരുവനന്തപുരം കനകക്കുന്ന് പാലസിൽ ജില്ലാ ഇൻഫർമേഷൻ ഓഫീസ് മീഡിയ സെന്ററും, എക്സിബിഷൻ കമ്മിറ്റി ഓഫീസും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

തലസ്ഥാനത്ത് മെയ് 17 മുതൽ 23 വരെയാണ് എന്റെ കേരളം പ്രദർശന വിപണന മേള സംഘടിപ്പിക്കുന്നത്.

✪✪✪

ഉരുൾപൊട്ടലുണ്ടായ വടകര വിലങ്ങാട് പ്രദേശത്ത് നിർമാണ പ്രവർത്തനങ്ങൾക്ക് പൂർണ വിലക്കില്ലെന്ന് കോഴിക്കോട് ജില്ലാ കലക്ടർ സ്നേഹിൽകുമാർ സിംഗ് അറിയിച്ചു. വിലങ്ങാട് നിന്ന് ജനങ്ങളെ മൊത്തമായി ഒഴിപ്പിക്കാനോ, പുധരവധിസിപ്പിക്കാനോ ഉദ്ദേശ്യമില്ലെന്ന് അദ്ദേഹം വ്യക്തമാക്കി. വാണിമേൽ പഞ്ചായത്ത് അവലോകന യോഗത്തിന് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു കലക്ടർ.

✪✪✪

കണ്ണൂർ ഇരിട്ടി ആനപ്പന്തി സർവീസ് സഹകരണ ബാങ്കിന്റെ കച്ചേരിക്കടവ് ശാഖയിൽ നിന്ന് മുക്കുപണ്ടം പണയംവെച്ച് 60 ലക്ഷത്തിലധികം രൂപ തട്ടിയെടുത്ത സംഭവത്തിൽ മുഖ്യപ്രതിയായ ബാങ്ക് ജീവനക്കാരനെ പോലീസ് അറസ്റ്റ് ചെയ്തു. ബാങ്കിലെ വാച്ച്മാനും താത്കാലിക കാഷ്യറുമായ കച്ചേരിക്കടവ് സ്വദേശി സുധീർ തോമസാണ് മൈസൂരുവിൽ നിന്ന് പ്രത്യേക അന്വേഷണസംഘത്തിന്റെ പിടിയിലായത്. ബാങ്കിലെ സ്ട്രോങ് റൂമിൽ

സൂക്ഷിച്ചിരുന്ന 18 പാക്കറ്റ് പണയസ്വർണം എടുത്തുമാറ്റി, പകരം മുക്കുപണ്ടം വെച്ചായിരുന്നു തട്ടിപ്പ്. ഇതിന്റെ CC TV ദൃശ്യങ്ങൾ പൊലീസ് ശേഖരിച്ചിരുന്നു.

✪✪✪

വിമുക്തഭടന്മാരുടെയും കുടുംബങ്ങളുടെയും പെൻഷൻ പരാതികൾ പരിഹരിക്കുന്ന 'സ്പർശ്' സേവനകേന്ദ്രത്തിന്റെ പന്ത്രണ്ടാം ഓഫീസ് ഇന്ന് കോഴിക്കോട്ട് ഉദ്ഘാടനം ചെയ്യും. രാവിലെ വെസ്റ്റ് ഹില്ലിലെ വിമുക്തഭട ഭവനിലാണ് ചടങ്ങ്. ചെന്നൈയിലെ കൺട്രോളർ ഓഫ് ഡിഫൻസ് അക്കൗണ്ട്സ് T.ജയശീലൻ ഓഫീസ് ഉദ്ഘാടനം ചെയ്യും.

✪✪✪

---

*News Editor: വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*News Team: സയ്യിദ് അലി ശിഹാബ്*
*DEO: ഷീബ*